(ബി) എൻ. ആർ. ഇ. പി. പ്രകാരമുള്ള മൊത്തം അലോട്ടുമെൻറിന്റെ 25% സാമൂഹ്യവനവൽക്കരണ പദ്ധതിക്ക് നീക്കിവച്ചിട്ടുണ്ട്. ബാക്കി തുകയുടെ ഇട്ടിക്കുള്ള പ്രവൃത്തികളാണ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഏറെടുക്കുക. ആക്ഷൻ പ്ലാനിൽപ്പെടുന്ന പദ്ധതിയിലെ പണം ചിലവാക്കാവൂ.

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല തുക അനുവദിക്കുന്നത്. ബ്ലോക്കടിസ്ഥാനത്തിലാണ്. ഓരോ ബ്ലോക്കുകൾക്കും അതാതു കൊല്ലം എൻ. ആർ. ഇ. പി. പ്രകാരം ലഭിക്കുന്ന തുക ഗവൺമെൻറ് നിശ്ചയിച്ചു അറിയിക്കാറുണ്ട്. ഈ വർഷം അതാതു ബ്ലോക്കിലെ പരിമിത കൃഷിക്കാർ, കാർഷികതൊഴിലാളികൾ എന്നിവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 50%വും ഹരിജൻ/ഗിരിജനങ്ങളുടെ അടിസ്ഥാനത്തിൽ 50% തുകയാണ് നിശ്ചയിച്ചിട്ടുള്ളത്.

ഐ. ആർ. ഡി. പി., ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച തുക

357. [464] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85, 1985-86, 1986-87 എന്നീ വർഷങ്ങളിൽ ഐ. ആർ. ഡി. പി., ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. എന്നീ പദ്ധതികൾക്കായി കേന്ദ്രം അനുവദിച്ച തുകയെത്ര ;

(ബി) ഇതിൽ ഓരോന്നിനും ചെലവഴിച്ച തുകയെത്ര ;

(സി) ലാപ്സായതെത്ര ?

ഉത്തരം

(എ) 1984-85-ൽ കേന്ദ്രവിഹിതമായി ഐ.ആർ. ഡി. പി.ക്ക് 603.38 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. ക്ക് 1877 ലക്ഷം രൂപയും എൻ. ആർ. ഇ. പി.ക്ക് 1060 ലക്ഷം രൂപയും അനുവദിച്ചു. 1985-86-ൽ കേന്ദ്ര വിഹിതമായി ഐ. ആർ. ഡി. പി. ക്ക് 669.94 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി.ക്ക് 2279.075 ലക്ഷം രൂപയും എൻ. ആർ. ഇ. പി. ക്ക് 987.28 ലക്ഷം രൂപയും അനുവദിച്ചു. 1986-87-ൽ കേന്ദ്ര വിഹിതമായി ഐ. ആർ. ഡി. പി. ക്ക് 369.497 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. ക്ക് 1211.20 ലക്ഷം രൂപയും എൻ. ആർ. ഇ. പി. ക്ക് 519.60 ലക്ഷം രൂപയും ഇതുവരെ അനുവദിച്ചിട്ടുണ്ട്.

(ബി) 1984-85-ൽ ഐ. ആർ. ഡി. പി. ക്ക് 1473.91 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. ക്ക് 1712.47 ലക്ഷം രൂപയും എൻ. ആർ. ഇ. പി. ക്ക് 2578.13 ലക്ഷം രൂപയും ചെലവഴിച്ചു. 1985-86-ൽ ഐ. ആർ. ഡി. പി. ക്ക് 982.65 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. ക്ക് 2096.91 ലക്ഷം രൂപയും എൻ. ആർ. ഇ. പി. ക്ക് 1808.53 ലക്ഷം രൂപയും ചെലവഴിച്ചു. 1986-87-ൽ സെപ്റ്റംബർ 30 വരെ ഐ. ആർ. ഡി. പി. ക്ക് 943.10 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. ക്ക് 887.40 ലക്ഷം രൂപയും എൻ. ആർ. ഇ. പി. ക്ക് 867.02 ലക്ഷം രൂപയും ചെലവഴിച്ചു.

(സി) ലാപ്സായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly